9.30 AM]

II പ്രത്യേക പരാമർശം

സുവർണ്ണചകോരം അവാർഡ് നേടിയ 'ഒറ്റാൽ'-ന്റെ സംവിധായകൻ ജയരാജിന് അഭിനന്ദനം

മി. സ്പീക്കർ : കേരളത്തിന്റെ ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ സുവർണ്ണചകോരമുൾപ്പെടെ നാല് അവാർഡുകൾ നേടിയ 'ഒറ്റാൽ'-ന്റെ സംവിധായകൻ ജയരാജിനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എല്ലാ കലാ സാങ്കേതികവിദഗ്ധരെയും കേരള നിയമസഭ അഭിനന്ദിക്കുന്നു. മലയാള സിനിമയുടെ ചരിത്രത്തിലാദ്യമായാണ് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മലയാള സിനിമയ്ക്ക് സുവർണ്ണ ചകോരം ലഭിക്കുന്നത്. സുവർണ്ണ ചകോരം കൂടാതെ ചലച്ചിത്ര നിരൂപകരുടെ രാജ്യാന്തര സംഘടനയായ 'ഫിപ്രസി'-യുടെ മികച്ച ചിത്രത്തിനുള്ള അവാർഡ്, പ്രേക്ഷകർ തെരഞ്ഞെടുത്ത മികച്ച ചിത്രത്തിനുള്ള അവാർഡ്, ഏഷ്യൻ സിനിമകൾക്ക് നൽകുന്ന 'നെറ്റ്പാക്ക്' അവാർഡ് എന്നിവയും ഒറ്റാലിനാണ് ലഭിച്ചത്.

(അവാർഡ് ലഭിച്ച സിനിമ കാണുന്നതിന് അവസരമുണ്ടാക്കണമെന്ന് നിയമസഭാംഗങ്ങൾ ആവശ്യപ്പെട്ടു)

മി. സ്പീക്കർ : ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് സിനിമ കാണുന്നതിനുള്ള അവസരമുണ്ടാക്കാം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ അഭിനന്ദനത്തിന് ഞാൻ നന്ദി അറിയിക്കുകയാണ്. ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം വളരെ ഭംഗിയായി നടത്താൻ സഹായിച്ച കേരളത്തിലെ ജനങ്ങളെയും ജനപ്രതിനിധികളെയും നന്ദി അറിയിക്കുകയാണ്. അതുപോലെ ശ്രീ. ജയരാജ് സംവിധാനം ചെയ്ത "ഒറ്റാൽ" എന്ന സിനിമ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളെ കാണിക്കുന്നതിനായി അങ്ങ് നിർദ്ദേശം നൽകിയാൽ സിനിമ കാണിക്കാൻ കഴിയുന്നതാണെന്ന് ഓർമ്മിപ്പിക്കുന്നു.

മി. സ്പീക്കർ : നിയമസഭാംഗങ്ങൾ സിനിമ കാണുന്നതിൽ ചെയറിന് താല്പര്യമേയുള്ളൂ. ഇനിയുള്ള മൂന്ന് ദിവസത്തെ ബിസിനസ് വളരെ കൂടുതലാണെന്ന കാര്യം എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഏതെങ്കിലുമൊരു ദിവസം നിർദ്ദേശിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സിനിമ കാണുന്നതിന് ഞാൻ തടസ്സം നിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സമയമുണ്ടെങ്കിൽ ഞാൻ അതിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ : ബുധനാഴ്ച നിയമസഭ പിരിഞ്ഞതിനുശേഷം സിനിമ പ്രദർശിപ്പിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഭയുടെ അഭിപ്രായമനുസരിച്ച് എങ്ങനെവേണമെങ്കിലും ചെയ്യാം. ഡേറ്റ് ഫിക്സ് ചെയ്യുന്ന കാര്യം അവരുമായി സംസാരിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.

അടിയന്തര പ്രമേയ നോട്ടീസ്

മി. സ്പീക്കർ : സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നം നിയമസഭയിൽ ഈ സമ്മേളനത്തിൽത്തന്നെ പല തരത്തിലും പല രൂപത്തിലും വന്നതാണ്. മാത്രമല്ല, ഇതൊരു ജുഡിഷ്യൽ കമ്മീഷന്റെ മുന്നിലുള്ള പ്രശ്നവുമാണ്. ഈ സഭാസമ്മേളനത്തിൽത്തന്നെ വളരെയധികം പ്രാവശ്യം ചർച്ച ചെയ്ത ഒരു വിഷയം വീണ്ടും ഇന്ന് വന്നിരിക്കുകയാണ്. ഈ വിഷയം അടിയന്തരപ്രമേയമായിട്ടല്ല, ആദ്യത്തെ സബ്മിഷനായി അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജുഡിഷ്യൽ കമ്മീഷന് എതിരായിട്ടുള്ള പരാമർശം കോടതിക്കെതിരായ പരാമർശമാണ്. ജുഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് അനുവാദം കൊടുക്കുമോയെന്ന് ഞങ്ങൾക്കറിയണം. ഈ വിഷയം അടിയന്തരപ്രമേയത്തിലൂടെയല്ലാതെ എങ്ങനെയാണ് ചർച്ച ചെയ്യുന്നത്.

മി. സ്പീക്കർ : ആദ്യത്തെ സബ്മിഷനായി എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജുഡിഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. ഈ ഗവൺമെന്റ് അത് അനുവദിച്ചു കൊടുക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, വളരെ സീരിയസ്സായ വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly